LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതി ക്ഷേമത്തിനായി 2013-14-ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി വിഹിതമായി 83,950 ലക്ഷം (എൺപത്തി മൂവായിരത്തി തൊള്ളായിരത്തി അൻപത് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ടായിരുന്നു. 2013-14-ൽ പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ ഓരോ ഹെഡ്ഡിലും വകയിരുത്തിയതും ചെലവായ തുകയും അനുബന്ധം 1-ലും 2-ലും കാണാവുന്നതാണ്.*

(ബി) ചെലവിൽ ട്രഷറി സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റായി മാറിയ തുക (2013-14) 109,73,32,881 രൂപയാണ്. ആയതിൽ നാളിതുവരെ ചെലവഴിച്ചത് 97,86,25,685 രൂപയാണ്. ഈ ഇനത്തിൽ അവശേഷിക്കുന്ന തുക 11,87,07,196 രൂപയാണ്. (28-11-14 വരെ) അവശേഷിക്കുന്ന തുക താഴെ പറയുന്ന പദ്ധതി നിർവ്വഹണത്തിനുള്ളതാണ്.

1.	സ്വയം പര്യാപ്ത ഗ്രാമം	- 9,75,00,000
2.	ട്രെയിനിംഗ് പ്രോഗ്രാം	- 1,76,87,000
3.	കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും	- 35,20,19
	ആകെ	- 11,87,07,196

(സി) 2014-14 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഓരോ ഹെഡ്ഡിലും പ്ലാൻ/നോൺ പ്ലാൻ തിരിച്ച് വകയിരുത്തിയ തുകയും ചെലവും (31-10-2014 വരെ) അനുബന്ധം 3-ലും 4 ലും കാണാവുന്നതാണ്.*

വിനോദസഞ്ചാര മേഖലയിലെ പ്രശ്നങ്ങൾ

304 (1012) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല എന്നിവ സ്വയംതൊഴിൽ സംരംഭമായി ആരംഭിക്കുന്നവർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നിയമാനുസൃതം പ്രവർത്തിക്കാൻ തയാറാകുന്ന ഇത്തരക്കാർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നല്കുന്ന കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, പോലീസ് അധികൃതരും കാണിക്കുന്ന അലംഭാവവും അനാവശ്യ കാലതാമസവും പരിഹരിക്കാൻ വിനോദ സഞ്ചാര വകപ്പ് എന്തെങ്കിലും നീക്കം നടത്തിയിട്ടുണ്ടോ ;

(സി) ഈ ബുദ്ധിമുട്ടുകൾ കാരണം നിയമാനുസൃതം ലൈസൻസ് നേടി സ്ഥാപനം നടത്താൻ ഇറങ്ങി പുറപ്പെടുന്നവർ വമ്പിച്ച കടക്കെണിയിൽപ്പെട്ട് അനധികൃത മാർഗ്ഗങ്ങളിലേക്ക് മാറാൻ നിർബന്ധിതരാകുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇതു സംബന്ധമായ പരാതികളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്നാൽ വിനോദസഞ്ചാര മേഖലയിൽ ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല എന്നിവ സ്വയംതൊഴിൽ സംരംഭമായി ആരംഭിക്കുന്നവർ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ

305 (1013) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച കഠിനംകുളം ബാക്ക് വാട്ടർ സർക്യൂട്ടിൽപ്പെട്ട ആറ്റിങ്ങൽ കൊല്ലമ്പുഴ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ ഇപ്പോൾ ആരുടെ നിയന്ത്രണത്തിലാണ് ;പ്രസ്തുത സെന്ററിന്റെ ചുമതല ഏത് ഉദ്യോഗസ്ഥനാണ് ; എത്ര രൂകയാണ് ഇതിനുവേണ്ടി ചെലവഴിച്ചത്; കഴിഞ്ഞ മഴക്കാലത്ത് വെള്ളം കയറി ഭൂരിഭാഗം പ്രദേശവും തകർന്ന് പോയതും ഇപ്പോൾ സന്ദർശകർക്ക് ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറാൻ കഴിയാത്ത സ്ഥിതിയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് ഞാൻ നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഈ ടൂറിസ്റ്റ് കേന്ദ്രം തകർച്ചയിൽനിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly